# മലയാളം

# എന്റെ നോട്ട് ബുക്ക്

## കുടയില്ലാത്തവർ





GLPS OLASSA

CLASS 4

# അർഥം എഴുതുക

| | | |
|---|---|---|
| കനിവ് | - | ദയ |
| കിനാവ് | - | സ്വപ്നം |
| നീര് | - | വെള്ളം |
| നിറമോലും | - | നിറമുള്ള |
| തോഴൻ | - | കൂട്ടുകാരൻ |
| ബാല്യകാലം | - | കുട്ടിക്കാലം |
| പള്ളിക്കൂടം | - | വിദ്യാലയം |
| കുതിരുക | - | നനഞ്ഞ് വീർക്കുക |

GOVT L.P SCHOOL ALASSA

# പിരിച്ചെഴുതുക

| | | | | |
|---|---|---|---|---|
| പുതുമണം | = | പുതു | + | മണം |
| നീരാമ്പൽ | = | നീര് | + | ആമ്പൽ |
| വേനലൊഴിവ് | = | വേനൽ | + | ഒഴിവ് |
| പുസ്തകത്താൾ | = | പുസ്തകം | + | താൾ |
| സ്നേഹവായ്പ് | = | സ്നേഹം | + | വായ്പ് |
| ആർത്തുല്ലസിച്ച് | = | ആർത്ത് | + | ഉല്ലസിച്ച് |
| വേനൽക്കിനാക്കൾ | = | വേനൽ | + | കിനാക്കൾ |

GOVT. L.P SCHOOL OLASSA

# ചേർത്തെഴുതുക

| | | | | |
|---|---|---|---|---|
| പൂ | + | കണി | = | പൂക്കണി |
| മഴ | + | തുള്ളി | = | മഴത്തുള്ളി |
| വാഴ | + | ഇല | = | വാഴയില |
| മാറ് | + | അണച്ച് | = | മാറണച്ച് |
| ഞാൻ | + | എന്റെ | = | ഞാനെന്റെ |
| വരുന്ന | + | ഒരു | = | വരുന്നൊരു |
| പുത്തൻ | + | ഉടുപ്പ് | = | പുത്തനുടുപ്പ് |

GOVT. L P SCHOOL OLASSA

# ഒറ്റപ്പദമാക്കുക

മഴയുടെ തുള്ളി - മഴത്തുള്ളി

വാഴയുടെ ഇല - വാഴയില

പുതിയ മണം - പുതുമണം

നീരിലെ ആമ്പൽ - നീരാമ്പൽ

പുസ്തകത്തിന്റെ താൾ - പുസ്തകത്താൾ

വേനലിലെ ഒഴിവ് - വേനലൊഴിവ്

സ്നേഹത്തിന്റെ വായ്പ് - സ്നേഹവായ്പ്

GOVT. L.P. SCHOOL OLASSA

# സമാനാർഥം

മഴ - മാരി , വർഷം ,വൃഷ്ടി

മീൻ - മത്സ്യം,ഝഷം,മീനം

കനവ് - കിനാവ് , സ്വപ്നം, സ്വാപം

കനിവ് - അലിവ് , ദയ, കരുണ

വെള്ളം - ജലം , നീര് ,തോയം

തോഴൻ - കൂട്ടുകാരൻ ,സുഹൃത്ത് ,മിത്രം

പള്ളിക്കൂടം - വിദ്യാലയം ,പാഠശാല ,കളരി

# 'പുതു' ചേർത്ത് വാക്കുകൾ ഉണ്ടാക്കാം

| | | | |
|---|---|---|---|
| പുതുവർഷം | പുതുമഴ | പുതുഗാനം | പുതുമോടി |
| പുതുമാസം | പുതുജീവൻ | പുതുമണം | പുതുകാലം |
| പുതുനാമ്പ് | പുതുലോകം | പുതുജന്മം | പുതുഗ്രഹം |
| പുതുമാരി | പുതുവസ്ത്രം | പുതുമുഖം | പുതുനാട് |
| പുതുവെയിൽ | പുതുരീതി | പുതുദിനം | പുതുകോടി |

# ഉത്തരമെഴുതുക



കുടയില്ലാത്തവർ

**1.**കുടയില്ലാത്തവർ എന്ന കവിത എഴുതിയതാര് ?

ഒ.എൻ.വി കുറുപ്പ്

**2.** മഴത്തുള്ളികൾ തുള്ളിവന്നത് എപ്പോഴാണ് **?**

പള്ളിക്കൂടം തുറന്നപ്പോൾ

**3.**പൂരവും പെരുന്നാളുമെല്ലാം പോയ് ' ഈ വരികളിലെ സൂചന എന്ത് **?**

വേനലവധിക്കാലത്താണ് പൂരവും പെരുന്നാളുകളും പൂതവും തെയ്യവുമെല്ലാം ആഘോഷിക്കാറുള്ളത് , വേനലവധി കഴിഞ്ഞതോടെ ആഘോഷങ്ങളും കഴിഞ്ഞു എന്ന സൂചനയാണ് ഈ വരികളിലുള്ളത് .

GOVT. L.P SCHOOL OLASSA

**4** കുടയില്ലാത്തതുകൊണ്ട് മഴ നനയാതിരിക്കാൻ കവി എങ്ങനെയാണ് സ്കൂളിൽ പോയിരുന്നത് **?**

വാഴയില വെട്ടി തലയിൽ വച്ച് സ്ലേറ്റും പുസ്തകങ്ങളും മാറത്തടുക്കിപ്പിടിച്ച് നനഞ്ഞൊലിച്ചാണ് കവി സ്കൂളിൽ പോയിരുന്നത്

**5** മഴയത്ത് കുടയുമായി പള്ളിക്കൂടത്തിലേക്ക് പോകുന്ന കുട്ടികളെ കാണുമ്പോൾ കവിക്ക് എന്താണ് തോന്നുന്നത്

പലനിറത്തിലുള്ള ആമ്പൽപ്പൂക്കൾ പോലുള്ള കുടകളും പിടിച്ച് കുട്ടികൾ മഴയത്ത് പോകുന്നതു കാണുമ്പോൾ മഴവെള്ളച്ചാലുകൾ നീന്തി വരുന്ന പൊടിമീൻ കൂട്ടമാണോ എന്നാണ് കവിക്ക് തോന്നിയത്

**6** പുതുമണം പരന്നത് എവിടെനിന്നൊക്കെയായിരുന്നു ?

പുതുമഴ പെയ്ത മണ്ണിൽ നിന്നും പുതിയ പാഠപുസ്തകത്താളിൽ നിന്നും പുത്തനുടുപ്പിൽ നിന്നുമാണ് പുതുമണം പരന്നത്

7 "നനയാതെ"ന്നോതി കവിയെ കുടക്കീഴിൽ ചേർത്തു നിർത്തിയത് ആരാണ് ?

ഒരു കുഞ്ഞുപെങ്ങൾ

**8** കുതിരുന്നു ഞാൻ - ആ മഴയില്ലല്ലാ ; ഒരു കുഞ്ഞുപെങ്ങൾ തൻ സ്നേഹവായ്പിൽ !

ഈ വരികളിൽ കവി പങ്കുവയ്ക്കുന്ന ഓർമകളെന്ത് ?

കുടയില്ലാതെ നനഞ്ഞുപോകുന്ന കുട്ടിയെ കണ്ട് സ്വന്തം അനിയനല്ലെങ്കിലും തന്റെ കുടക്കീഴിൽ ചേർത്തു പിടിച്ച് സ്കൂളിലേക്ക് കൊണ്ടുപോയ കുഞ്ഞുപെങ്ങളുടെ സ്നേഹത്തെയാണ് ഈ വരികളിലൂടെ കവി ഓർക്കുന്നത്

# കണ്ടെത്തി എഴുതാം

**1** **“**വേനലൊഴിവെത്ര വേഗം പോയി **"** ഒഴിവുകാലത്തോടൊപ്പം എന്തെല്ലാമാണ് പോയ് മറഞ്ഞത് **?**

പൂരവും പെരുന്നാളും പൂതവും തെയ്യവും വിത്തും കൈക്കോട്ടും പാടിയ കിളിയും വിഷുക്കാലവുമെല്ലാമാണ് ഒഴിവുകാലത്തോടൊപ്പം പോയ് മറഞ്ഞത്.

**2** സ്വന്തം ബാല്യം കവി ഓർമിച്ചതെപ്പോഴാണ് **?**

പല നിറത്തിലുള്ള കുടകൾ പിടിച്ച് നടന്നു നീങ്ങുന്ന കുട്ടികളെ കണ്ടപ്പോഴാണ് കവിക്ക് ബാല്യകാലം ഓർമവന്നത് .

**3** കുട്ടിക്കാലത്ത് കവിയെ കൊച്ചുപെങ്ങൾ സഹായിച്ചതെങ്ങനെ **?**

കുടയില്ലാതെ വാഴയില ചൂടി മഴനനഞ്ഞു പോവുകയായിരുന്ന കവിയെ കെച്ചുപെങ്ങൾ തന്റെ കുടയിൽ കയറ്റിയാണ് സഹായിച്ചത്.

4 'വേനൽക്കിനാക്കൾ കരിഞ്ഞേ പോയ് ' എന്തൊക്കെയായിരിക്കാം കവിയുടെ വേനൽക്കിനാക്കൾ?

വേനൽക്കാലം അവധിക്കാലമാണ് . അണ്ണാറക്കണ്ണനോട് കിന്നാരം പറഞ്ഞ് മാഞ്ചോട്ടിൽ മാങ്ങ പെറുക്കി നടന്നതും ,മണ്ണപ്പം ചുട്ടുകളിച്ചതും , ഊഞ്ഞാലാടി രസിച്ചതും , കൂട്ടുകാരോടൊത്ത് കഥ പറഞ്ഞും പാട്ടുപാടി കളിച്ചും ചിരിച്ചും നടന്നതും, പരിസരത്തെ കാഴ്ചകൾ കണ്ടുനടന്നതും കുസൃതികാട്ടിരസിച്ചതും, പാടവരമ്പിൽ ഓടിക്കളിച്ചതും അമ്പലക്കുളത്തിൽ മുങ്ങാംകുഴി ഇട്ടതും, ഇങ്ങനെ മതിവരാത്ത ധാരാളം സന്തോഷങ്ങളായിരിക്കാം കവിയുടെ വേനൽ കിനാക്കൾ.

**5** “ കുതിരുന്നു ഞാൻ ആ മഴയിലല്ലാ , ഒരു കുഞ്ഞുപെങ്ങൾതൻ സ്നേഹവായ്പിൽ ' കുഞ്ഞുപെങ്ങളുടെ സ്നേഹവായ്പിൽ കുതിർന്നു എന്ന് കവി പറയുന്നതെന്തു കൊണ്ടാവാം ?

കുട്ടിക്കാലത്ത് മഴ നനഞ്ഞ് പള്ളിക്കൂടത്തിലേക്കുപോയ തന്നെ തന്റെ കുടയിൽ ചേർത്തു നിർത്തി മഴ നനയാതെ സ്കൂളിലേക്ക് കൊണ്ടുപോയ കൊച്ചുപെങ്ങൾ സ്നേഹത്തിന്റെ പെരുമഴയാണ് കവിക്ക് സമ്മാനിച്ചത്. ആരുമല്ലാത്ത തന്നോട് കാണിച്ച ആ സ്നേഹം കവിയുടെ മനസ്സിനെ വല്ലാതെ സ്പർശിച്ചു . അതുകൊണ്ടാണ് കുഞ്ഞുപെങ്ങളുടെ സ്നേഹവായ്പിൽ കുതിർന്നു എന്ന് കവി പറഞ്ഞത് .

GOVT. L.P. SCHOOL ... ASSA

# പ്രയോഗ ഭംഗി കണ്ടെത്താം

1. 'മഴത്തുള്ളികളും തുള്ളിവന്നല്ലോ '

പള്ളിക്കൂടം തുറക്കുമ്പോൾ സന്തോഷത്തോടെ കുട്ടികൾ തുള്ളിച്ചാടി പോകുന്നതുപോലെ മഴക്കാലമെത്തിയപ്പോൾ മഴത്തുള്ളികളും ആഹ്ലാദത്തോടെ തുള്ളിത്തുള്ളി വന്നെത്തി എന്നാണ് കവി പറയുന്നത് .

2. 'പൊടിമീനിൻ നിരപോലാം കൂട്ടുകാർ '

മഴയത്ത് പല നിറത്തിലുള്ള കുടകളുമായി കുട്ടികൾ പോകുന്നത് പുതുമഴയിൽ വെള്ളച്ചാലിലൂടെ പൊടിമീനുകൾ ഒഴുകി നീങ്ങുന്നതുപോലെയാണ് എന്ന് കവി പറയുന്നു .

3. 'അനിയനല്ലാത്തോരനിയൻ'

താൻ ആരാണെന്നുപോലുമറിയാഞ്ഞിട്ടും സ്വന്തം അനിയനെപ്പോലെ കണ്ട് നനയാതെ കുടയിൽക്കയറ്റാൻ ഒരു കൊച്ചുപെൺകുട്ടി തയാറായി ആ കൊച്ചുപെങ്ങളുടെ മനസിന്റെ നന്മയാണ് കവി ഇവിടെ സൂചിപ്പിക്കുന്നത് .

GOVT. L.P SCHOOL OLASSA

മഴക്കാലത്തെക്കുറിച്ച് കവിക്കുള്ള ഓർമ്മകൾ കവിതയിൽ നിന്നറിഞ്ഞല്ലോ ഇതുപോലെ നിങ്ങൾക്കുണ്ടായ ഒരു മഴക്കാല അനുഭവം ഓർമ്മിച്ചെഴുതു

## മറക്കാത്ത മഴക്കാലം

( മാതൃക -1 )

അടച്ചു പിടിച്ചു പെയ്യാൻ തുടങ്ങിയാൽ ഉണങ്ങാത്ത ഉടുപ്പുകൾ പ്രശ്നമാണെങ്കിലും കാലവർഷത്തെ ഒരു ഉത്സവകാലം പോലെ ഞാൻ കാത്തിരുന്നു . ഉറങ്ങുന്നതിനുമുമ്പ് ഇരുട്ടിൽക്കിടന്ന് രണ്ടു ചെവിയും വിരലിട്ടടയ്ക്കുക , പിന്നെ പതുക്കെ തുറക്കുക , അപ്പോഴാണ് മഴയുടെ മുറുക്കിക്കൊട്ടൽ ശരിക്കും രസിക്കുന്നത് .... ചെറിയ കൃഷിക്കാരുടെ വീട്ടിൽ വേണ്ടത്ര ഭക്ഷണമുണ്ടായെന്നു വരില്ല . മുണ്ടകൻ കൊയ്ത്ത് അപൂർവമായ ഞങ്ങളുടെ വീട്ടിലെ സ്ഥിതിയും അതുതന്നെ യായിരുന്നു . മഴക്കാലത്ത് വിശപ്പ് കൂടും . അടുക്കളയിൽ അരി തിളയ്ക്കുന്ന ഗന്ധം ഉമ്മറക്കോലായിൽ മഴ കണ്ടിരുന്ന എന്റെ മൂക്കിലെത്തുന്നത് എത്ര പെട്ടെന്നാണ് .

(എം.ടി വാസുദേവൻനായർ)

## ( മാതൃക -2 )

### നനയാൻ കൊതിച്ച മഴ

മഴ എനിക്കിഷ്ടമാണ് കാണാനും അനുഭവിക്കാനും . പക്ഷേ, അമ്മ എന്നെ മഴ നനയാൻ അനുവദിക്കില്ല . അസുഖം വരുമത്രെ ! അയൽക്കാരായ കൂട്ടുകാർ കളിച്ചു തിമിർക്കുന്നത് ഞാൻ എന്റെ വീടിന്റെ വരാന്തയിൽ നിന്നുകൊണ്ട് കൊതിയോടെ നോക്കിക്കാണും. അങ്ങനെയിരിക്കെ ഒരു ദിവസം അമ്മ വീട്ടിൽ ഇല്ലായിരുന്നു. വൈകുന്നേരത്തോടെ മാനം ഇരുണ്ടുതുടങ്ങി. മഴമേഘങ്ങൾ പെയ്യാനുള്ള തയാറെടുപ്പോടെ മാനത്തേയ്ക്ക് ഇരച്ചെത്തി . ഇതുതന്നെ അവസരം. ഈ മഴ ഇന്ന് എന്റെയും കൂട്ടുകാരനാവട്ടെ . എന്റെ ചിന്ത പെയ്യാൻ വെമ്പുന്ന മഴമേഘങ്ങളെ പ്പോലെയായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ മഴ ചാറിത്തുടങ്ങി .കുറച്ചുകൂടി ശക്തിയായി പെയ്യട്ടെ എന്നു കരുതി ഞാൻ വരാന്തയിൽ നിന്നു. പെട്ടെന്നാണ് ഗെയ്റ്റിൽ ഒരു ഓട്ടോ വന്നുനിന്നത്. അമ്മ ! എന്റെ മനസ്സാകെ സങ്കടമഴകൊണ്ട് നനഞ്ഞു . അമ്മയ്ക്ക് ഇത്തിരികൂടി കഴിഞ്ഞു വന്നാൽ പോരായിരുന്നോ ? മഴയ്ക്കുമുമ്പേ എത്താൻ കഴിഞ്ഞതിൽ അമ്മയ്ക്ക് ആശ്വാസം. അകത്തേക്കു കയറിയ അമ്മയ്ക്കൊപ്പം അടക്കിപ്പിടിച്ച് സങ്കടത്തോടെ ഞാനും കയറി . അടഞ്ഞ വാതിലിനപ്പുറം ഞാൻ കൊതിച്ചിരുന്ന മഴ ആർത്തുപെയ്യാൻ തുടങ്ങിയിരുന്നു .

## ( മാതൃക -3 )

### എന്റെ മഴ ഓർമ്മകൾ

മിക്കവാറും വേനലവധി കഴിഞ്ഞ് സ്കൂൾ തുറക്കുന്ന ആദ്യ ദിവസം തന്നെ നല്ല മഴയായിരിക്കും . ഞാനും കൂട്ടുകാരും കൂട്ടുകൂടിയാണ് സ്കൂളിൽ പോകുന്നത് . വീട്ടിൽ നിന്ന് രണ്ട് കിലോമീറ്റർ ദൂരമെങ്കിലും കാണും സ്കൂളിലെത്താൻ . പുതിയ യൂണിഫോമും കുടയും ബാഗും ചെരിപ്പുമൊക്കെ ഇട്ട് പോകുമ്പോഴായിരിക്കും മഴ തകർത്ത് പെയ്യുന്നത് . ഞങ്ങൾ കൂട്ടുകാരെല്ലാം ഞങ്ങളുടെ കുടയുംനിവർത്തിപിടിച്ച് മഴയിലൂടെ പോകും . പക്ഷെ ഞങ്ങളുടെ പുതിയ യൂണിഫോമും ചെരിപ്പും , ബാഗുമെല്ലാം നനയും . എങ്കിലും എനിക്ക് വളരെ ഇഷ്ടമാണ് മഴയത്ത് കൂട്ടുകാരും കൂടി ഉല്ലസിച്ച് പോകുന്നത്. അതൊരു പ്രത്യക സന്തോഷം തന്നെയാണ് ഞങ്ങൾക്ക് നൽകുന്നത് .

GOVT. L.P. SCHOOL PSSA

**കുഞ്ഞേടത്തി എന്ന കവിതയിൽ കുഞ്ഞേടത്തി ഉണ്ണിക്കുനൽകുന്ന സ്നേഹവും കുടയില്ലാത്തവർ എന്ന കവിതയിലെ കൊച്ചുപെങ്ങൾ നൽകുന്ന സ്നേഹവും തമ്മിൽ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക**

ഒ.എൻ.വി കുറുപ്പിൻറെ 'കുഞ്ഞേടത്തി'എന്ന കവിതയും 'കുടയില്ലാത്തവർ'എന്ന കവിതയും സ്നേഹത്തിൻറെ വ്യത്യസ്ത മുഖങ്ങളാണ് കാണിച്ചുതരുന്നത്.'കുഞ്ഞേടത്തി' എന്ന കവിതയിൽ തൻറെ സ്വന്തം അനുജനായ ഉണ്ണിക്ക് ലാളനയും സ്നേഹവും പകർന്നുനൽകുന്നത് സ്വന്തം ചേച്ചി തന്നെയാണ്. അവനെ മടിയിൽ ഇരുത്തിയും ആനയുടെയും മയിലിന്റെയും ഒട്ടകത്തിന്റെയും കഥകൾ പറഞ്ഞും അവനെ സ്നേഹവാത്സല്യങ്ങൾ കൊണ്ട് പൊതിയുന്നു. കുഞ്ഞനുജനെ നിഷ്കളങ്കമായി സ്നേഹിക്കുന്ന ചേച്ചിയാണ് ഈ കവിതയിൽ നിറഞ്ഞു നിൽക്കുന്നത്.

'കുടയില്ലാത്തവർ'എന്ന കവിതയിലാകട്ടെ, തനിക്ക് ആരുമല്ലാത്ത,ഒരു കുട്ടിയെയാണ് മഴനനഞ്ഞ് പോകുന്നത് കണ്ടപ്പോൾ ആ പെൺകുട്ടി തൻറെ കുടക്കീഴിൽ ചേർത്തു നിർത്തുന്നത്. തൻറെ ആരുമല്ലാത്ത ആ കൊച്ചു പെങ്ങളുടെ സ്നേഹമാണ് കവിയെ സ്പർശിച്ചത്. സ്നേഹത്തിൻറെ മറ്റൊരു മുഖമാണിത്.ആരുമില്ലാത്തവരെ സ്നേഹിക്കാനും സഹായിക്കുവാനും കഴിയുന്നവർക്ക് പ്രകൃതിയെയും അതിലെ സർവ്വ ജീവജാലങ്ങളെയും സ്നേഹിക്കാനാവും. അതാണ് നാം വളർത്തിയെടുക്കേണ്ടതും






കുഞ്ഞേടത്തി

# ചില മഴക്കവിതകൾ

ഇടവപ്പാതിപ്പാതിരയാ-
ണിടിയും മഴയും പൊടിപൂരം
പുരമുറ്റത്തെപ്പുളിമാവിൻമേ -
ലൊരുഗന്ധർവ്വൻ പാടുന്നു ? -

( ഇടശ്ശേരി ഗോവിന്ദൻ നായർ )

ചിന്നിത്തെറിക്കും നറുമുത്തുപോലെ
നീളുന്ന വെള്ളിത്തെളിനൂലുപോലെ
ആകാശഗംഗാ പ്രസരങ്ങൾപോലെ
യാഹാ ! പതിച്ചു പുതുവർഷതോയം ?

( വൈലോപ്പിള്ളി ശ്രീധരമേനോൻ )

ഒരു മഴപെയ്തു
ഭൂമി കുളിർത്തു
ഒരു കതിർ നീണ്ടു
ഭൂമി പൊലിച്ചു . -

( അയ്യപ്പണിക്കർ )

തുള്ളിപ്പാഞ്ഞു വരുന്ന മഴ
തുള്ളിക്കൊരുകുടമെന്ന മഴ
കൊള്ളാമിമ്മഴ
കൊള്ളരുതിമ്മഴ
കൊള്ളാം കൊള്ളാം  പെയ്യട്ടെ

( കുഞ്ഞുണ്ണിമാഷ് )

GOVT. L.P SCHOOL OLASSA

അമ്മേ വരൂ വരൂ വെക്കം വെളിയിലേ -
ക്കല്ലെങ്കിലിമ്മഴതോർന്നുപോമേ
എന്തൊരാഹ്ലാദമാ മുറ്റത്തടിക്കടി
പൊന്തുന്ന വെള്ളത്തിൽത്തത്തിച്ചാടാൻ

( ബാലാമണിയമ്മ )

കൊട്ടിപ്പാടുന്ന മഴ !
നടവരമ്പത്തൊരു
കുട്ടിയുണ്ടതിൻ കൈയിൽ
പുസ്തകം , പൊതിച്ചോറും
കുടയായൊരു തൂശനിലയും
അതുകൊത്തിക്കുടയുന്നുവോ മഴക്കാറ്റിന്റെ
കാക്കക്കൂട്ടം

( ഒ.എൻ .വി.കുറുപ്പ് )

# ഒരു ആസ്വാദനക്കുറിപ്പിൽ എന്തെല്ലാം ഉൾപ്പെടുത്തണം




GOVT. L.P. SCHOOL CLASSR

# കുഞ്ഞേടത്തി എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കുക
( മാതൃക )

1. മലയാളത്തിലെ പ്രശസ്ത കവിയായ ശ്രീ.ഒ.എൻ.വി കുറുപ്പിന്റെ കുഞ്ഞേടത്തി എന്ന കവിതയിലെ ഏതാനും വരികളാണ് ഞാൻ വായിച്ചാസ്വദിച്ചത് . കുഞ്ഞേടത്തി തന്റെ സ്വന്തം അനിയനായ ഉണ്ണിക്ക് നൽകുന്ന സ്നേഹ വാത്സല്യമാണ് ഈ വരികളിലെ മുഖ്യ ആശയം . കുഞ്ഞേടത്തി ഉണ്ണിയെ മടിയിലിരുത്തിയും മാറോടു ചേർത്തും ലാളിക്കും. ആരും ഇതുവരെ കേട്ടിട്ടില്ലാത്ത ആനയുടെയും മയിലിന്റെയും ഒട്ടകത്തിന്റെയും കഥ പറഞ്ഞുകൊടുക്കുകയും ചെയ്തിരുന്നു . അതു കൊണ്ടു തന്നെ ഉണ്ണിക്ക് എന്നും ഏറെ ഇഷ്ടം ആ സഹോദരിയോടാണ് . ഈ വരികൾ വായിക്കുമ്പോൾ തന്നെ ഒരു കുഞ്ഞേടത്തിയുടെയും അനുജന്റെയും സ്നേഹത്തിന്റെ സുന്ദര ദൃശ്യം മനസിൽ ഓടിയെത്തും. 'മടിയിലിരുത്തിട്ട് മാറോടു ചേർത്തിട്ട് മണി മണി പോലെ കഥ പറയും' ഈ വരികൾ വായിച്ചപ്പോൾ എന്നെ മടിയിലിരുത്തി കഥകൾ പറഞ്ഞു തരാറുള്ള മുത്തശ്ശിയെ ഞാൻ ഓർത്തു പോയി . അതുകൊണ്ട് ഈ വരികളാണ് എനിക്ക് ഏറെ ഇഷ്ടമായത് . വ്യത്യസ്ത ഈണങ്ങളിൽ ഈ കവിത ചൊല്ലി നോക്കി . ഈ കവിതയിലെ താള ഭംഗി ആകർഷകമാണ് . 'മണി മണി പോലെ കഥ പറയും' എന്ന വരിയിലെ മണി മണി പോലെ എന്ന പ്രയോഗം ആ വരിക്ക് പ്രത്യേക ഭംഗി കൊടുക്കുന്നു. സഹോദര സ്നേഹത്തിന്റെ മനോഹര ദൃശ്യം ഈ വരികളിലൂടെ കവി ചിത്രീകരിച്ചിരിക്കുന്നു . എനിക്ക് ഈ കവിത വളരെ ഇഷ്ടമായി .

# ജീവചരിത്രക്കുറിപ്പ് തയാറാക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തണം

ജനിച്ച സ്ഥലം

ജനിച്ച തിയതി

മാതാപിതാക്കൾ

പ്രധാന കൃതികൾ

പുരസ് കാരങ്ങൾ

ലഭ്യമായ മറ്റ് വിവരങ്ങൾ

മരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ

GOVT. L.P. SCHOOL ...ASSA

# ശ്രീ .ഒ.എൻ.വി.കുറുപ്പ്






# ജീവചരിത്രക്കുറിപ്പ്

## ഒ.എൻ.വി. കുറുപ്പ്

ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നിന്റെ ചുരുക്ക പേരാണ് ഒ എൻ വി കുറുപ്പ് . 1931 മെയ് 27 ന് ഒ.എൻ. കൃഷ്ണക്കുറുപ്പിന്റെയും ലക്ഷ്മിക്കുട്ടിയമ്മയുടെയും ഇളയ മകനായി കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു വിദ്യാർത്ഥി യായിരിക്കുമ്പോൾത്തന്നെ കവിതാ രചന തുടങ്ങിയ ഒ.എൻ.വി ,തന്റെ ആദ്യ കവിതയായ 'മുന്നോട്ട്' എഴുതുന്നത് പതിനഞ്ചാം വയസ്സിലാണ്. 1949-ൽ പുറത്തിറങ്ങിയ 'പൊരുതുന്ന സൗന്ദര്യം' ആണ് ആദ്യത്തെ കവിതാ സമാഹാരം. ആറുപതിറ്റാണ്ട ദൈർഘ്യമുള്ള സാഹിത്യജീവിത്തിൽ നിരവധി പുരസ്കാരങ്ങൾ ഇദ്ദേഹത്തെ തേടി എത്തിയിട്ടുണ്ട്. കേന്ദ്രസാഹിത്യ അക്കാദമി അംഗമായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻസ്ഥാനവും ഒ.എൻ.വി വഹിച്ചിട്ടുണ്ട്. സാഹിത്യരംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാപീഠ പുരസ്കാരം ഇദ്ദേഹത്തെ തേടിയെത്തി . കൂടാതെ പത്മശ്രീ (1998), പത്മവിഭൂഷൺ (2011) ബഹുമതികൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും നൃത്തശില്പങ്ങൾക്കും അദ്ദേഹം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. ഭൂമിക്കൊരുചരമഗീതം, അക്ഷരം, ഉപ്പ്, ഉജ്ജയിനി, വളപ്പൊട്ടുകൾ, കറുത്തപക്ഷിയുടെ പാട്ട്, ഭൈരവന്റെ തുടി എന്നിവ പ്രധാന കൃതികളാണ് . 2016 ഫെബ്രുവരി 13-ന് തിരുവനന്തപുരത്തുവച്ച് അന്തരിച്ചു.



# ശ്രീ.ഒ.എൻ.വി കുറുപ്പ് രചിച്ച പ്രശസ്ത സിനിമ ഗാനങ്ങൾ കേൾക്കാൻ തൊട്ടുനോക്കൂ.




ഒരുവട്ടം കൂടിയെൻ
(ചില്ല്)



മെല്ലെ മെല്ലെ മുഖപടം
(ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങ് വെട്ടം)



ലാലീ ലാലീലി
(കളിമണ്ണ്)





തുമ്പീവാ തുമ്പകുടത്തിൻ ...
(ഓളങ്ങൾ)



കുഞ്ഞിക്കിളിയേ..കൂടെവിടെ
(ഇന്ദ്രജാലം)



ആദിഉഷസ് സന്ധ്യ
(പഴശ്ശി രാജ)

# ഒ.എൻ.വി കവിതകൾ കേൾക്കാൻ പുസ്തകത്തിൽ തൊട്ടുനോക്കൂ




GOVT. L.P SCHOOL OLASSA

# തുടർ പ്രവർത്തനങ്ങൾ

- കവിതകളിലെ ഇഷ്ടപ്പെട്ട വരികൾ തിരഞ്ഞെടുത്ത് അവയ്ക്ക് അനുയോജ്യമായ ചിത്രം വരയ്ക്കുക.
- പദ നിഘണ്ടു തയാറാക്കുക .
- കൂടുതൽ കവിതകൾ  ശേഖരിച്ച് കവിതാ ആൽബം തയാറാക്കാം.
- സ്വന്തമായി കവിതകൾ എഴുതി 'എന്റെ കവിതാ ബുക്ക് ' നിർമ്മിക്കാം.

Prepared by :- Rahul T , Govt. L.P.S. OLASSA kottayam 9495809114

GOVT. L.P. SCHOOL OLASSA